**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5723** — **08-11-2021 - ൽ മറുപടിയ്ക്ക്**

**കാർഷികാദായ നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കർഷകരിൽനിന്നും ഈടാക്കുന്ന കാർഷികാദായ നികുതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | 1991-ലെ കേരള കാർഷികാദായ നികുതി നിയമം കേരളത്തിലെ കാർഷിക വരുമാനത്തിന്മേൽ നികുതി ചുമത്താൻ വ്യവസ്ഥ ചെയ്യുന്നു. നെല്ല്, മരച്ചീനി, വാഴ, ഇഞ്ചി, റാഗി, പയർ, എള്ള്, പച്ചക്കറി, മധുരക്കിഴങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, ചക്ക, മാങ്ങ, പൈനാപ്പിൾ, ഓർക്കിഡ് അല്ലെങ്കിൽ മറ്റ് പൂക്കൾ, വാനില, മഞ്ഞൾ, പേരക്ക എന്നിവയുടെ കൃഷിയിൽ നിന്നുള്ള വരുമാനം ഒഴിവാക്കിയിരിക്കുന്നു. കമ്പനി നിയമം പ്രകാരം രജിസ്റ്റർ ചെയ്ത കമ്പനിയല്ലാതെ ഒരു വ്യക്തിയും നികുതി അടയ്ക്കേണ്ടതില്ല. |
| (ബി) | പ്രസ്തുത നികുതി ഈടാക്കുന്നതിന്റെ മാനദണ്ഡങ്ങൾ അറിയിക്കാമോ; | (ബി) | ഒരു വ്യക്തിയുടെ മുൻ സാമ്പത്തിക വർഷത്തെ കാർഷിക വരുമാനത്തിന്റെ മേൽ ചുമത്തപ്പെടുന്ന നികുതി ആണ് ആ വർഷത്തെ അദ്ദേഹത്തിന്റെ കാർഷിക ആദായ നികുതി. 1991-ലെ കേരള കാർഷികാദായ നികുതി നിയമ പ്രകാരമുള്ള കാർഷികാദായ നികുതി വിഹിതം സർക്കാരിലേക്ക് വന്നു ചേരുന്നു എന്ന് ഉറപ്പിക്കുകയാണ് അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ഓഫീസുകളുടെ പ്രവർത്തനം കൊണ്ട് അർത്ഥമാക്കുന്നത്. ഇതിനായി എ.ഐ.റ്റി. ഇൻസ്പെക്ടർ, എ.ഐ.റ്റി. ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി നിയമത്തിലെ വകുപ്പ് 35 പ്രകാരം നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകൾ പരിശോധിക്കുകയും, റിട്ടേണുകൾ നൽകുന്നതിൽ വീഴ്ചവരുത്തുന്നവർക്കെതിരെയും തെറ്റായി നികുതി നിർണ്ണയം നടത്തി റിട്ടേണുകൾ സമർപ്പിക്കുന്നവർക്കെതിരെയും നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും കുറവ് വന്ന നികുതി, പലിശ സഹിതം പിരിച്ചെടുത്ത് സർക്കാരിലേക്ക് മുതൽക്കൂട്ടുകയും ചെയ്യുന്നത് എ.ഐ.റ്റി. ഓഫീസുകളുടെ പ്രവർത്തനത്തിൽപ്പെടുന്നു. കൂടാതെ, റിട്ടേണുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനായി നികുതിദായകരുടെ കണക്കുകൾ പരിശോധിക്കുകയും, |

| | | | |
|---|---|---|---|
| | | | ഭൂമിയുടെ വിസ്തീർണ്ണവും കാർഷികവിളകളുടെ തരവും നിജപ്പെടുത്തുന്നതിന് സ്ഥലപരിശോധന നടത്തുകയും ചെയ്യുന്നതും എ.ഐ.റ്റി. ഓഫീസുകളുടെ പ്രവർത്തനത്തിൽപ്പെടുന്നു. 01-04-2013 മുതൽ സ്വകാര്യ വ്യക്തികളേയും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളേയും കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. തുടർന്ന് കേരള കാർഷികാദായ നികുതി നിയമ പ്രകാരം നികുതി അടയ്ക്കാനുള്ള ബാദ്ധ്യത കമ്പനികൾക്ക് (തദ്ദേശീയവും വിദേശീയവും) മാത്രമാണുള്ളത്. കാർഷികാദായത്തെ അടിസ്ഥാനമാക്കി തദ്ദേശ കമ്പനികളുടെ നികുതി നിരക്ക് 35% മുതൽ 50% വരെ വ്യത്യാസപ്പെട്ടിരുന്നു. കൂടാതെ, വിദേശ കമ്പനികളുടെ നികുതി നിരക്ക് 80% ആയിരുന്നു. 2016-17-ലെ ബഡ്ജറ്റിൽ, ആദായ നികുതി നിരക്കുമായി തുല്യത കൊണ്ടുവരുന്നതിലേക്കായി കാർഷികാദായ നികുതി നിരക്ക് കുറയ്ക്കുകയും ആദായ നികുതി നിരക്കായ 30 ശതമാനത്തോട് ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. 02-04-2016 തീയതിയിലെ SRO 314/2016 പ്രകാരം 2016-17 സാമ്പത്തിക വർഷം കാർഷികാദായ നികുതിയിൽ നിന്നും എല്ലാ കമ്പനികളേയും ഒഴിവാക്കിയിട്ടുണ്ട്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിന് തീരുമാനിച്ചു. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കണമെന്ന ശിപാർശ നടപ്പിലാക്കുന്നതിനായി, 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് റദ്ദ് ചെയ്യേണ്ടതുള്ളതിനാൽ ആയതിലേക്കായി 2019-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 236 ആയി പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത ബിൽ പതിനാലാം കേരള നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുകയുണ്ടായില്ല. പതിനാലാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ ഒരു ബിൽ ആയി കൊണ്ടുവരുന്നതിന് തീരുമാനിക്കുകയും അതിനായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയുമാണ്. |
| (സി) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ (2016-17 മുതൽ 2020-21വരെ) സർക്കാരിന് ഈയിനത്തിൽ | (സി) | 2016-17 മുതൽ 2020-21 വരെ അഗ്രികൾച്ചറൽ ഇൻകം ടാക്സ് ഇനത്തിൽ സർക്കാരിന് ലഭിച്ച |

| | | | |
|---|---|---|---|
| | ലഭിച്ച വരുമാനം എത്രയെന്ന് വർഷം തിരിച്ച് അറിയിക്കാമോ? | | വരുമാനം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **വർഷം** | **കളക്ഷൻ (രൂപ കോടിയിൽ)** |
|---|---|
| 2016-17 | 1.44 |
| 2017-18 | 2.18 |
| 2018-19 | 0.26 |
| 2019-20 | 0.22 |
| 2020-21 | 0.40 |

**സെക്ഷൻ ഓഫീസർ**